# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ: ഇ ബി(1) 5/2018 തിരുവനന്തപുരം, തീയതി, 31.01.2018

website : www.cooperation.kerala.gov.in

e-mail : keralarcs@gamil.com

വിഷയം : സഹകരണ വകുപ്പ് – ജീവനക്കാര്യം – 31.01.2018 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്ന ഗസറ്റഡ് ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനുള്ള നിർദ്ദേശം – ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു

സൂചന : –

സഹകരണ വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന താഴെ പറയുന്ന ഉദ്യോഗസ്ഥർ 31.01.2018 ന് സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. ടി ഉദ്യോഗസ്ഥരെ 31.01.2018 അപരാഹ്നം സർവ്വീസിൽ നിന്ന് വിരമിയ്ക്കുന്നതിന് അനുവദിച്ചു കൊണ്ടും, ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല ടിയാളുകളുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന ആഫീസർമാർക്ക് കൈമാറുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറി നൽകേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | ശ്രീ. കെ.എം. സുകുമാരൻ, ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, എറണാകുളം | വിരമിക്കലിന് മുന്നോടിയായി അവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ ചുമതല കൈമാറ്റം നടത്തിയിട്ടുണ്ട്. |
| 2 | ശ്രീ. ഹാരിസ് വടക്കേ പാറമ്മൽ, അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, കാസർഗോഡ് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കാസർഗോഡ് |
| 3 | ശ്രീ. എം.ആർ. വേണുഗോപാൽ, അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, അർബൻ സഹകരണ ബാങ്ക്, കൊല്ലം | അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ്, കൊല്ലം |
| 4 | ശ്രീ . ബി. ഹരിലാൽ, അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി, സഹകരണ ആർബിട്രേഷൻ കോടതി, തിരുവനന്തപുരം | അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, തിരുവനന്തപുരം |

| | | |
|---|---|---|
| 5 | ശ്രീ. പി. ഉദയകുമാരൻ, അസിസ്റ്റന്റ് രജിസ്ട്രാർ/മാനേജർ, കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് & വെൽഫെയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം | വൈസ് ചെയർമാന്റെ നിർദ്ദേശാനുസരണം ചുമതല കൈമാറേണ്ടതാണ് |
| 6 | ശ്രീ. ജോസ് ജോസഫ്, അസിസ്റ്റന്റ് രജിസ്ട്രാർ | ശൂന്യവേതന അവധിയിലായതിനാൽ ചുമതല കൈമാറ്റം നടത്തിയിട്ടുണ്ട്. |

ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ/കളുടെ അധിക ചുമതല വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയതിന്റെയും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് കൃത്യമായി അയയ്ക്കേണ്ടതാണ്.

(ഒപ്പ്)
സി.എം. അജേയ്യമോഹൻ
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്: -

1) അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരള, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി സഹകരണ(എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ട്രേറ്റ് തിരുവനന്തപുരം
4) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
5) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
6) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
7) ബന്ധപ്പെട്ട ജില്ലാ ട്രഷറി ആഫീസർമാർക്ക്
8) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)